(ബി) കോർപ്പറേഷൻ ഒരു കമ്പനിയേയും സ്വയമായി ഒഴിവാക്കിയിട്ടില്ല. വിൽപ്പനയുടെ അടിസ്ഥാനത്തിലാണ് ഓരോ കമ്പനിയിൽനിന്നും മദ്യം വാങ്ങുന്നത്. ഓരോ മാസത്തേയും വിൽപ്പന അവലോകനം ചെയ്ത്, ഏതെങ്കിലും കമ്പനിയുടെ മദ്യം വിൽപ്പന നടക്കാതെ കൂടുതൽ കെട്ടിക്കിടപ്പുണ്ടെങ്കിൽ ആ കമ്പനികളെ ആ മദ്യം വിറ്റു തീരുന്നതുവരെ താൽക്കാലികമായി ഒഴിവാക്കിയാണ് മദ്യം വാങ്ങുന്നത്.

തോട്ടം തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് ലേബർ ആക്ടിലുള്ള വ്യവസ്ഥകൾ

* 362 [389] ശ്രീ. പി. കുമാരൻ :
,, കാനം രാജേന്ദ്രൻ :
,, വി. കെ. രാജൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള പ്ലാന്റേഷൻ ലേബർ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഈ നിയമം ഇതേവരെ നടപ്പിലാക്കാത്ത ഏതെങ്കിലും ഉടമകൾക്കെതിരായി പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത് ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ഉണ്ട്. 12259 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. കൂടാതെ 4698 വീടുകളിൽ വയറിംഗ് പൂർത്തിയാക്കിട്ടുണ്ട്.

(ബി) വൈദ്യുതീകരിക്കാത്തതിന് 11 തോട്ടം ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിൽ രണ്ട് തോട്ടമുടമകൾക്കെതിരെയുള്ള കേസ്സുകൾ ശിക്ഷിക്കുകയും പിഴയായി 4,900 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 9 കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

അംഗനവാടി കെട്ടിടങ്ങൾ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ നടപടി

* 363 [390] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗനവാടി കെട്ടിടങ്ങൾ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. ഗാരേജുകളിലെ ഷോപ്പിംഗ് സെന്ററുകൾ

* 364 [391] ശ്രീ. ഇ. ജെ. ലൂക്കോസ് :

,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര കെ. എസ്. ആർ. ടി. സി. ഗാരേജുകളിൽ ഷോപ്പിംഗ് സെന്ററുകൾ ഉണ്ട് ;

(ബി) ഈ വർഷം പുതിയതായി ഷോപ്പിംഗ് സെന്ററുകൾ പണിയുന്നുണ്ടോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) കെ.എസ്.ആർ.ടി.സി.ഗാരേജുകളിൽ ഷോപ്പിംഗ് സെന്ററുകൾ ഇല്ല. എന്നാൽ സ്റ്റാളുകൾ, ബങ്കുകൾ, ബൂത്തുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇക്കാര്യം കെ.എസ്.ആർ.ടി.സി.യുടെ പരിഗണനയിലുണ്ട്.

(3) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

എക്സൈസ് ഡിപ്പാർട്ടുമെന്റിലെ സ്പെഷ്യൽ ആഫീസർമാരുടെ ചുമതലകൾ

1355. [2029] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ :

,, കെ. എസ്. നാരായണൻ നമ്പൂതിരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിലെ സ്പെഷ്യൽ ആഫീസർമാരുടെ ചുമതലകൾ എന്തെല്ലാം ;

(ബി) സ്പെഷ്യൽ ആഫീസറുടെ, നിർദ്ദേശിച്ചിട്ടുള്ള ചുമതലകൂടാതെ മറ്റു ചുമതലകൾ അദ്ദേഹത്തെ ഏൽപ്പിച്ചിട്ടുണ്ടോ ;

(സി) ഇപ്പോഴത്തെ സ്പെഷ്യൽ ആഫീസർ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ വരുമ്പോൾ അദ്ദേഹത്തിന്റെ പരിധിയിൽ വരുന്ന എത്ര കേസുകൾ ഉണ്ടായിരുന്നു ;

(ഡി) അത്തരത്തിലുള്ള എത്ര കേസുകൾ 1-4-1986-ൽ നിലവിലുണ്ട് ;

(ഇ) സ്പെഷ്യൽ ആഫീസർ 1986 വർഷത്തിൽ എത്ര യാത്രാബത്ത വാങ്ങിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly